# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/PTA/p4/906/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 15/09/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/p4/906/2023 തീയ്യതി: 15/09/2023

## പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 10-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്മിധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2023 | 05-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 05-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ദീപ എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സഞ്ചു കെ.ജി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ജറാഡ് എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ ആനന്ദ് വി | മെഡിക്കൽ ഓഫീസർ, ഐ.എസ്.എം. | 01-04-2022 | 31-03-2023 |
| ശ്രീ വിജയകൃഷ്ണൻ ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീലേഖ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 15-11-2022 |
| ശ്രീമതി ബിന്ദു ആർ | അസിസ്റ്റന്റ് സെക്രട്ടറി | 23-11-2022 | 31-03-2023 |
| ശ്രീമതി പുഷ്പകുമാരി എൽ കെ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 11-01-2023 |
| ശ്രീമതി സ്വപ്ന ചന്ദ്രൻ | ഐസിഡിഎസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ഡോ. ജ്യോതീന്ദ്രൻ | അസിസ്റ്റന്റ് സർജൻ | 01-04-2022 | 31-03-2023 |
| ഡോ.പ്രീതി മേരി ഉമ്മൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ദീപ ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 14-04-2022 |
| ഡോ.ജയചന്ദ്രൻ പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 15-04-2022 | 24-04-2022 |
| ഡോ.ശ്രീരാജ് ജി പ്രഭു | മെഡിക്കൽ ഓഫീസർ, ഹോമിയോ | 25-04-2022 | 06-03-2023 |
| ഡോ. ലക്ഷ്മി എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 06-03-2023 | 31-03-2023 |
| ശ്രീമതി താര മോഹൻ | കൃഷി ഓഫീസർ | 01-04-2022 | 26-12-2022 |
| ശ്രീ സന്ദീപ് കുമാർ | കൃഷി ഓഫീസർ | 27-12-2022 | 31-03-2023 |
| ശ്രീ ശ്രീകുമാർ ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 03-01-2023 |
| ശ്രീമതി രഞ്ജിനി പി കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 04-01-2023 | 30-01-2023 |
| ശ്രീമതി ശിൽപ പ്രദീപ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 31-01-2023 | 31-03-2023 |
| ശ്രീ രാകേശ് ഗോകുൽ എസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 26-12-2022 |
| ശ്രീമതി ആതിര ആർ എൽ | ഡെയറി ഫാം ഇൻസ്ട്രക്ടർ | 27-12-2022 | 31-03-2023 |
| ശ്രീമതി സുജ ജോൺ | ഹെഡ് മിസ്ട്രസ് | 01-04-2022 | 30-11-2022 |
| ശ്രീമതി മറിയാമ്മ | ഹെഡ് മിസ്ട്രസ് | 01-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് റൂൾസ് പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | BRS നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വരവിനങ്ങളുടെ അഡ്വാൻസ് തുകയെ സംബന്ധിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 15 | ക്യാഷ് പരിശോധന | 1-9 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 17 | തനതു വരുമാന സമാഹരണം | 1-11 |
| 18 | വസ്തുനികുതി പരിഷ്കരണം | 1-12 |
| 19 | തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരശേഖരണം ആരംഭിച്ചില്ല | 1-13 |
| 20 | തറ നിർമ്മാണത്തിന് ബാധകമായ നികുതി വർദ്ധനവ് വരുത്തിയില്ല | 1-14 |
| 21 | പുനർലേലത്തിൽ കടമുറി വാടക കുത്തനെ കുറഞ്ഞു | 1-15 |
| 22 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല | 1-16 |
| 23 | വാടകക്കുടിശ്ശിക 6.61 ലക്ഷം | 1-17 |
| 24 | ജലജീവൻമിഷൻ -പദ്ധതിക്ക് മോണിട്ടറിംഗ് ഇല്ല – പ്രവൃത്തികളിൽ അപാകം | 1-18 |
| 25 | പൊതുടാപ്പുകളുടെ കുടിവെള്ളക്കരം - പൊതുടാപ്പുകൾ പൂർണ്ണമായും റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പൂർണ്ണമായില്ല | 1-19 |
| 26 | അംഗീകാരം വാങ്ങിയ പൊതുമരാമത്ത് പദ്ധതികൾ നടപ്പാക്കിയില്ല | 1-20 |
| 27 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് അധിക പ്രതിഫലം നൽകി | 1-21 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-22 |
| 29 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്- വായ്പതുകയെക്കാൾ കൂടുതൽ തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു | 1-23 |
| 30 | ലക്ഷങ്ങൾ ഒടുക്കിയെങ്കിലും പി.എച്ച്.സി-യ്ക്ക് മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായില്ല | 1-24 |
| 31 | പാലിയേറ്റിവ് കെയർ - ട്രിപ് ഷീറ്റ് ഇല്ലാതെ വാഹനവാടക നൽകി | 1-25 |
| 32 | ക്ഷീരകർഷകർക്ക് അർഹമായ അളവിൽ സബ്സിഡി അനുവദിച്ചില്ല | 1-26 |
| 33 | ലൈഫ് ഭവനനിർമ്മാണത്തിന് സബ്സിഡി അനുവദിച്ചിട്ടും നിർമ്മാണം പൂർത്തീകരിച്ചില്ല | 1-27 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3 | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 23.06.2023 തീയതിയിലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു

പത്തനംതിട്ട | ഡെപ്യൂട്ടി ഡയറക്ടർ

തീയതി: 15.09.2023 | ജില്ലാ ഓഡിറ്റ്

കാര്യാലയം

പത്തനംതിട്ട

### 1-1-1 അക്കൗണ്ടിംഗ് റൂൾസ് പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയ്ക്ക് ഒപ്പം റേഷ്യോസ് (അടിസ്ഥാന അനുപാതങ്ങൾ), സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ളോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ളോ പത്രികയിലെ ആകെ ക്യാഷ് ഫ്ളോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

### 1-1-3 BRS നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

SBI-EPayment (37194797145)-നീക്കിയിരിപ്പ് തുക (55291) വാർഷികധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക(118918)യുമായി പൊരുത്തപ്പെടുന്നില്ല

### 1-1-4 വരവിനങ്ങളുടെ അഡ്വാൻസ് തുകയെ സംബന്ധിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തൊഴിൽനികുതി, ലൈസൻസ് ഫീസ്, വസ്തുനികുതി,എന്നീ വരവിനങ്ങളിൽ അഡ്വാൻസ് ആയി ലഭിച്ച തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-1-5 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് ഡിമാന്റുകൾ ഉൽഭവിക്കുന്ന സമയത്തും ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

### 1-1-6 ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 26.03.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റിന് 17.03.2023ലെ കമ്മറ്റി അംഗീകാരം അംഗീകാരം നൽകി.

### 1-3 സാമ്പത്തിക വിശകലനം

| | റസിപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,12,02,854 | |
| വരവ് | 29110105 | 106395136 |
| ആകെ | 40312959 | 106395136 |
| ചെലവ് | 27807905 | 107100119 |
| നീക്കിയിരിപ്പ് | 12505054 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്( അലോട്ട്മെന്റ് പ്രകാരമുള്ളത്)* | ആകെ | *ചെലവ്* | *നീക്കി ബാക്കി* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12259000 | 12259000 | 11060463 | 1198537 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 6484000 | 6484000 | 6229369 | 254631 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9509000 | 9509000 | 4775659 | 4733341 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | | 4570000 | 4570000 | 2829718 | 1740282 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 3074280 | 3801340 | 6875620 | 1353075 | 5522545 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 1360975 | 2332360 | 3693335 | 3230365 | 462970 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്( അലോട്ട്മെന്റ് പ്രകാരമുള്ളത്)* | ആകെ | *ചെലവ്* | *നീക്കി ബാക്കി* |
| എം.ജി.എൻ.ആർഇ..ജി.എസ് - | 180636 | 19500939 | 19681575 | 19681274 | 301.35 |
| ഐ.സി.ഡി.എസ്. | 208035 | 904138 | 1112173 | 205352 | 906821 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്( അലോട്ട്മെന്റ് പ്രകാരമുള്ളത്)* | ആകെ | *ചെലവ്* | *നീക്കി ബാക്കി* |
| ശുചിത്വമിഷൻ ഗ്രാന്റ് | 681134 | 0 | 681134 | 12000 | 669134 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുചെലവ് കണക്കിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | വ്യത്യാസം | ഗ്രാന്റ്സ്റ്റേറ്റ്മെന്റിലെ ന്യൂനത |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 12259000 | 11223101 | 1035899 | ₹ 1035899 (അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനുള്ള തുക(₹ 876000) , ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ്(₹ 159899) എന്നിവയ്ക്കായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിൽ എടുത്തിട്ടില്ല) |
| വികസനഫണ്ട് (എസ്.സി.പി) | 6484000 | 6156704 | 327296 | ₹ 327296 (ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | | കുറവ് ചെയ്ത തുക വരവിൽ എടുത്തിട്ടില്ല) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 166 | 73257473 | 109 | 34539941 | 57 | 65.66 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 38 | 26 | 7755026 | 6077372 |
| 2 | കൃഷി ഓഫീസർ | 5 | 5 | 2797000 | 2607000 |
| 3 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 9 | 8 | 3403807 | 2696565 |
| 4 | വെറ്ററിനറി സർജ്ജൻ | 4 | 4 | 785200 | 785200 |
| 5 | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 3 | 3 | 580000 | 574000 |
| 6 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 4 | 4 | 330000 | 248244 |
| 7 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 900000 | 279699 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 28 | 26397200 | 9832730 |
| 9 | ഐസിഡിഎസ് സൂപ്പർവൈസർ | 10 | 8 | 4227260 | 3185741 |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 14 | 23228305 | 6058638 |
| | അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 1907175 | 1849175 |
| 11 | ഹെഡ് മാസ്റ്റർ | 7 | 3 | 566500 | 289577 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 380000 | 56000 |
| | ആകെ | 166 | 109 | 73257473 | 34539941 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 180636 | 1202792 | 1383428 | 1383127 | 301 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18298147.21 | 18298147.21 | 18298147.21 | 0 |
| ആകെ | 180636 | 19500939 | 19681575 | 19681274 | 301 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1706600 | 157 |
| വിധവാപെൻഷൻ | 6760400 | 662 |
| വാർദ്ധക്യകാലപെൻഷൻ | 19600000 | 2036 |
| ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2332000 | 217 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 172200 | 16 |
| തൊഴിൽരഹിത വേതനം | 4680 | 4 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.2022 | 01/2022 To 03/2022 | 26.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2014 | 2008-09 To 2012-13 | 18.02.2014 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2023 10.45AM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24956 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തിയതിൽ ആഭ്യന്തര നിയന്ത്രണം സംവിധാനത്തിൽ പാളിച്ചകൾ ഉണ്ടാകുന്നുണ്ട് എന്ന് കാണുന്നു. വസ്തുനികതി പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ലഭ്യമായ മറ്റ് വരുമാനം പൂർണ്ണമായും സമാഹരിക്കാൻ വേണ്ട ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. തനതു വരുമാനം തീരെ കുറവായ പഞ്ചായത്ത് എന്ന നിലയിൽ വസ്തുനികതിയിന്മേൽ സേവന ഉപനികുതി ഈടാക്കുന്നത് വഴി ഒരു അധിക വരുമാനമാർഗം ഉണ്ടാകുമായിരുന്നു. എന്നാൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഈ സാദ്ധ്യത പ്രയോജനപ്പെടുത്താൻ വേണ്ട ചർച്ച നടത്തുകയോ നികുതി നിർദ്ദേശം സമർപ്പിക്കുകയോ ചെയ്തില്ല. ഒരിക്കൽ വസ്തുനികതി നിർണ്ണയിച്ച കെട്ടിടങ്ങൾ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്നപക്ഷം അവയുടെ വസ്തുനികതി പുനർനിർണ്ണയിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് നിലവിൽ കെട്ടിട നമ്പർ ഇല്ലാത്ത കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെ പ്രവർത്തിക്കുന്നതായി 07.01.2023ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. ക്രമവൽക്കരിക്കാൻ സാധിക്കുന്നവ ക്രമവൽക്കരിക്കുന്നതിനും അല്ലാത്ത കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകി നികുതി ഈടാക്കുന്നതിനും, അനധികൃത വ്യാപാര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിനും കമ്മറ്റി തീരുമാനിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചില്ല.

വാടകയിനത്തിൽ വൻ തുക പിരിച്ചെടുക്കാനവശേഷിക്കുന്നു. ബൈലോ തയ്യാറാക്കാതെയാണ് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. കുടിശ്ശിക പിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കുടിശ്ശികത്തുക സംബന്ധിച്ച് വാടകക്കാർ തർക്കമുന്നയിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പഞ്ചായത്തിന്റെ പക്കൽ ഇല്ല എന്നത് ആഭ്യന്തര നിയന്ത്രണത്തിലെ ന്യൂനതയാണ്.

ഓഫീസ് ഉത്തരവുകൾ മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജനം നടത്തുകയും നിശ്ചിത സമയങ്ങളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി ആയത് വിശകലനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മുഖേന വളരെ കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. ഉപയോഗരഹിതമായ സാധനസാമഗ്രികളും, ജീർണ്ണിച്ച നിലയിൽ യു.പി.എസിന്റെ പഴയ ബാറ്ററികളും ഓഫീസ് കെട്ടിടത്തിൽത്തന്നെ ഉപേക്ഷിച്ചിട്ടുണ്ട്. ഇത് നീക്കം ചെയ്യാൻ നടപടി സ്വീകരിയ്ക്കാഞ്ഞത് ഓഫീസിന്റെ ശുചിത്വത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തിക്കുന്ന കുടിവെള്ള പൊതുടാപ്പുകൾ കണ്ടെത്തുന്നതിന് 29.5.2023 മുതൽ 31.5.23 വരെ കാലയളവിൽ വാട്ടർ അതോറിറ്റിയും ഗ്രാമപ്പഞ്ചായത്തും സംയുക്തപരിശോധന നടത്തിയെങ്കിലും പരിശോധനാറിപ്പോർട്ട് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ നിലവില് 203 ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കേണ്ടി വരുന്നതിനാൽ ലക്ഷങ്ങൾ പാഴ്ചെലവാകുന്നത് തടയാനായില്ല. ഇതേത്തുടർന്ന് 203 പൊതുടാപ്പുകളും ഡിസ്കണക്ട് ചെയ്യുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചെങ്കിലും ആയത് പൂർണ്ണമാക്കാനായില്ല.

പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ്, തനതുഫണ്ട്/ ബി- ഫണ്ട് വൗച്ചറുകൾ, രസീത്

തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഐ..എൽ.ജി.എം.എസ് മുഖേന പണം പിരിവ്, വിവിധ സേവനങ്ങൾ പ്രദാനം ചെയ്യൽ, തനത് ഫണ്ട് ചെലവുകൾ എന്നിവയിലെ സുതാര്യത ഉറപ്പ് വരുത്തിയിട്ടുണ്ട്.

## 1-11 തനതു വരുമാന സമാഹരണം

വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ്, പെർമിറ്റ് ഫീ, വാടക എന്നിവയാണ് ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. ഇവയിൽ വസ്തുനികുതി പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ലഭ്യമായ മറ്റ് വരുമാനം പൂർണ്ണമായും സമാഹരിക്കാൻ വേണ്ട ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

2020-21മുതലുള്ള തനതു വരുമാനത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വർഷം | | |
|---|---|---|---|
| | 2020-21 | 2021-22 | 2022-23 |
| വസ്തുനികുതി | 3311554 | 3427846 | 3562216 |
| തൊഴിൽനികുതി | 943880 | 961480 | 1193630 |
| ലൈസൻസ് ഫീ | 199200 | 207400 | 198100 |
| പെർമിറ്റ് ഫീ | 118363 | 120887 | 101500 |
| വാടക | 496670 | 519444 | 588683 |

2022-23ൽ വസ്തുനികുതി പിരിവ് പൂർണ്ണമാണ്. ഈയിനത്തിൽ 13പേരിൽനിന്ന് ലഭിക്കാനുള്ള30508 രൂപ പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് ഫീ, പെർമിറ്റ് ഫീ ഇനങ്ങളിൽ വരുമാനം കുറഞ്ഞിട്ടുണ്ട്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 2022-23ലെ മിനിട്സ് പരിശോധിച്ചതിൽ, തനതു വരുമാനം സമാഹരിക്കുന്നതു സംബന്ധിച്ച് ക്രിയാത്മക ചർച്ചകൾ നടന്നിട്ടില്ല എന്നു വ്യക്തമാണ്. നികുതി നികുതിയേതര വരുമാനത്തിന്റെ സ്രോതസ്സുകൾ കണ്ടെത്തുന്നതു സംബന്ധിച്ചോ ലഭിക്കാനുള്ള കുടിശ്ശികത്തുകകൾ പിരിച്ചെടുക്കുന്നതു സംബന്ധിച്ചോ യാതൊരു ചർച്ചയും നടത്തിയിട്ടില്ല. 06.06.2022, 05.08.2022, 05.09.2022 എന്നീ തീയതികളിൽ കൂടിയ കമ്മറ്റികളിൽ മാത്രമാണ് വസ്തുനികുതി പിരിവ് പുരോഗതി സംബന്ധിച്ച ചർച്ച നടന്നിട്ടുള്ളത്.

പഞ്ചായത്തിൽ വസ്തുനികുതിയിന്മേൽ 2022-23വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. സ്ഥിരമായി പ്രളയ ഭീഷണി നേരിടുന്നതും എന്നാൽ തനതു വരുമാനം തീരെ കുറവുമായ പഞ്ചായത്ത് എന്ന നിലയിൽ സേവന ഉപനികുതി ഒരു അധിക വരുമാനമാർഗ്ഗമാകുമായിരുന്നു. എന്നാൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഈ സാദ്ധ്യത പ്രയോജനപ്പെടുത്താൻ വേണ്ട ചർച്ച നടത്തുകയോ നികുതി നിർദ്ദേശം സമർപ്പിക്കുകയോ ചെയ്തില്ല.

വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളോടുചേർന്ന് അനധികൃതമായി കൂടുതൽ മുറികൾ കൂട്ടിച്ചേർക്കുന്നതു മൂലവും, ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതുവഴിയും ഉണ്ടാകുന്ന നികുതി നഷ്ടം സംബന്ധിച്ചോ, അനധികൃത നിർമ്മാണങ്ങൾ പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതു സംബന്ധിച്ചോ യാതൊരു ചർച്ചയും ഉണ്ടായിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് നിലവിൽ കെട്ടിട നമ്പർ ഇല്ലാത്ത കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെ പ്രവർത്തിക്കുന്നതായി 07.01.2023ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. ക്രമവൽക്കരിക്കാൻ സാധിക്കുന്നവ ക്രമവൽക്കരിക്കുന്നതിനും അല്ലാത്ത കെട്ടിടങ്ങൾ യു എ നമ്പർ നൽകി നികുതി ഈടാക്കുന്നതിനും, അനധികൃത വ്യാപാര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിനും കമ്മറ്റി തീരുമാനിച്ചിരുന്നു, എന്നാൽ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചില്ല. 2021-22നെ അപേക്ഷിച്ച് 22-23 ൽ ലൈസൻസ് ഫീ ഇനത്തിൽ 9300രൂപയുടെ കുറവുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു.

വാടകയിനത്തിൽ വൻ തുക പിരിച്ചെടുക്കാനവശേഷിക്കുന്നു. ബൈലോ തയ്യാറാക്കാതെയാണ് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. കുടിശ്ശിക പിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കുടിശ്ശികത്തുക സംബന്ധിച്ച് വാടകക്കാർ തർക്കമുന്നയിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പഞ്ചായത്തിന്റെ പക്കൽ ഇല്ല.

ഗ്രാമപ്പഞ്ചായത്തു പ്രദേശത്തെ സ്വകാര്യ വ്യവസായ, വ്യാപാര സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവയിൽ തൊഴിലെടുക്കുന്നവരുടെ വിവരം പഞ്ചായത്തിൽ ഇല്ല. അതിനാൽ തൊഴിൽനികുതി ഇനത്തിലുള്ള വരുമാനം പൂർണ്ണമായി പിരിച്ചെടുക്കാൻ പഞ്ചായത്തിനു സാധിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ റേഷൻ റീട്ടെയിൽ ഷോപ്പുകൾ, ക്ഷീര സംഘങ്ങൾ എന്നിവ ലൈസൻസില്ലാതയാണ് പ്രവർത്തനം തുടരുന്നത്.

പഞ്ചായത്തിനു നിയമാനുസൃതം ലഭിക്കേണ്ട തനതു വരുമാനം പൂർണ്ണമായും സമാഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വസ്തുനികുതി പരിഷ്കരണം

വസ്തുനികുതി നിരക്കുകൾ പരിഷ്കരിക്കുന്നതിന് ജി.ഒ.(എം.എസ്) നം.77/2023/ തസ്വഭവ തീയതി 22.03.2023 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വർഷം തോറും അഞ്ചു ശതമാനം വീതം വർദ്ധനവ് 01.04.2023തീയതി പ്രാബല്യത്തിൽ നടപ്പിലാക്കണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച്, സാമ്പത്തിക വർഷാരംഭത്തിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് നിലവിലെ വസ്തുനികുതിയുടെ അഞ്ച് ശതമാനം വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്.

01.04.2023മുതൽ നികുതി നിർണ്ണയിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ബാധകമായ പരിഷ്കരിച്ച നിരക്കുകൾ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പ്രാബല്യത്തിലായിട്ടില്ല. ഇതിനായി പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിരക്കുകൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വസ്തുനികുതിയുടെ 10ശതമാനം എന്ന നിരക്കിൽ സേവന ഉപനികുതി പിരിക്കാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം / ഘടനാപരമായ മാറ്റം സംബന്ധിച്ച പരിശോധന 30.06.2023നകം പൂർത്തീകരിക്കണമെന്ന നിർദ്ദേശം നടപ്പിലായിട്ടില്ല.

## 1-13 തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരശേഖരണം ആരംഭിച്ചില്ല

ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്നപക്ഷം അവയുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീ ർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന പക്ഷം, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം ചട്ടം17.2 പ്രകാരം പഞ്ചായത്ത് നേരിട്ട് പരിശോധന നടത്തി, വിവരങ്ങൾ ശേഖരിക്കേണ്ടതും, വിവരം രേഖാമൂലം ലഭ്യമാക്കാത്ത കെട്ടിട ഉടമകളിൽനിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. കെട്ടിട ഉടമ, പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സാഹചര്യത്തിൽ സെക്രട്ടറി, കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ് (ചട്ടം17.4).

ഈ വിഷയം സംബന്ധിച്ച് 22.03.2023ലെ സർക്കാർ ഉത്തരവ് (സാധാ.) നം.77/2023പ്രകാരം തുടർ നിർദ്ദേശം നൽകിയിരുന്നു. ഫീൽഡ് പരിശോധന നടത്തി, 30.06.2023നകം വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കണമെന്നായിരുന്നു പ്രധാന നിർദ്ദേശം. ഇതു സംബന്ധിച്ച വിവര ശേഖരണം, ഡേറ്റ എൻട്രി എന്നീ ജോലികൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ പഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വസ്തുനികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതാണ്.

## 1-14 തറ നിർമ്മാണത്തിന് ബാധകമായ നികുതി വർദ്ധനവ് വരുത്തിയില്ല

മേൽത്തരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് തറ നിർമ്മിച്ചിട്ടുള്ള, 250ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6ന്റെ ആറാം പട്ടികയിൽ പറയും പ്രകാരം അടിസ്ഥാന വസ്തുനികുതിയിന്മേൽ 15ശതമാനം വർദ്ധനവ് ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ 250ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള, ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് ഇപ്രകാരം നികുതി വർദ്ധനവ് വരുത്തിയിട്ടില്ലായെന്ന് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | കെട്ടിട നം./ ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | തറ വിസ്തീർണ്ണം | നിരക്ക് (ച.മീറ്ററിന്) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട വർദ്ധനവ് (15%) തുക |
|---|---|---|---|---|---|---|
| 1 | III/6 A,B,C,D,E,F,G,H,I ശ്രീമതി സെലിൻ കെ ജോസ് | വാണിജ്യാവശ്യം | 469.14 | 60 | 28148.4 | 4222.26 |
| 2 | VII/45 A,B,C,D,E,F,G,H,I,J,K,L ശ്രീ സുബി കെ ജോർജ്ജ് | വാണിജ്യാവശ്യം | 264.82+128.63 = 393.45 | 60 | 15889.2 | 2383.38 |
| | VII/45 G,H,I,J,K ശ്രീ സുബി കെ ജോർജ്ജ് | അസംബ്ലി | | 35 | 4502.05 | 675.31 |
| 3 | VII/59A ശ്രീ അജിത്ത് എബ്രഹാം | വാണിജ്യാവശ്യം | 228+39 =267 | 60 | 1596 | 239.4 |
| | VII/59B ശ്രീഅജിത്ത്എബ്രഹാം | പാർപ്പിടം | | 7 | 2340 | 351 |
| 4 | XII/119 A,B,C,D,E,F,G,H,I,J,K ശ്രീ സാബു എബ്രഹാം | വാണിജ്യാവശ്യം | 438.3+298.7 =737 | 60 | 26298 | 3944.7 |
| | XII/119 A ശ്രീ സാബു എബ്രഹാം | പാർപ്പിടം | | 7 | 2090.9 | 313.64 |
| ആകെ | | | | | | 12129.68 |

നികുതി വർദ്ധനവ് വരുത്താതിരുന്നത് ഓഡിറ്റ് എൻക്വയറി (നം.06/29.07.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. പ്രസ്തുത

കെട്ടിടങ്ങൾ ഒന്നിലധികം നമ്പറുകളിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ, ചട്ടപ്രകാരമുള്ള 15% നികുതി വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്താൻ സാധിക്കുന്നില്ലെന്നും, ഒറ്റക്കെട്ടിടമാണെങ്കിൽ മാത്രമേ നികുതി വർദ്ധനവ് ബാധകമാക്കാൻ സാധിക്കുന്നുള്ളൂ എന്നും മറുപടി ലഭ്യമാക്കി.

ചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് സഞ്ചയയിൽ പ്രാബല്യത്തിൽ വരുത്താൻ സാധിക്കാത്ത വിഷയം ഐകെഎം ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വകുപ്പുതലത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പുനർലേലത്തിൽ കടമുറി വാടക കുത്തനെ കുറഞ്ഞു

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറിയുടെ ആദ്യലേലത്തിൽ ലഭിച്ച 10600 രൂപ, പുനർലേത്തിൽ 2650രൂപയായി കുറഞ്ഞു. തൻവർഷം വാടകയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയിൽ 95400രൂപയുടെ കുറവുണ്ടായി.

14-ാം നമ്പർ കടമുറിയിൽ വ്യാപാരം നടത്തുന്നതിനുള്ള അവകാശത്തിന്മേലുള്ള 17.03.2022ലെ ലേലത്തിൽ ശ്രീ അഭിഷേക്, പ്ലാന്തറ വടക്കതിൽ, തലയാർ എന്ന വ്യക്തിയാണ് 10600 എന്ന ഉയർന്ന തുക വാഗ്ദാനം ചെയ്തത്. രണ്ടാമത്തെയും മൂന്നാമത്തെയും ഉയർന്ന തുകകൾ യഥാക്രമം 10550 (ശ്രീ ഉദയകുമാർ, പോത്തളത്ത്, തെങ്ങേലി ), 10000 (ശ്രീ റെജി സ്റ്റീഫൻ, പാലമൂട്ടിൽ, തെങ്ങേലി) എന്നിവയാണ്.

തുക അടവാക്കാത്തതിനാലും, എഗ്രിമെന്റിൽ ഏർപ്പെടാത്തതിനാലും ലേലം റദ്ദ് ചെയ്യുകയും, 26.03.2022ൽ പുനർലേലം നടത്തുകയും ചെയ്തു. 26.02.2022ൽ നടന്ന പുനർലേലത്തിൽ 2650 രൂപ എന്ന ഉയർന്ന തുക വിളിച്ചത് ശ്രീ ഉദയകുമാർ, പോത്തളത്ത്, തെങ്ങേലി എന്ന വ്യക്തിയാണ്. ടിയാൾക്ക് കടമുറി നൽകി. ആദ്യ ലേലത്തിലെ ഉയർന്ന തുകയായ 10600ന്റെ സ്ഥാനത്ത് പുനർലേലത്തിൽ 2650 രൂപ മാത്രമാണ് ലഭിച്ചത്. ആദ്യ ലേലത്തിലെ രണ്ടാമത്തെ ഉയർന്ന നിരക്ക് പരിഗണിക്കാമായിരുന്നു. എന്നാൽ, ലേലം വിളിച്ചയാൾ ലേലത്തുക അടയ്ക്കാൻ വിസമ്മതിക്കുന്നപക്ഷം പുനർലേലം നടത്തുന്നതാണെന്ന വ്യവസ്ഥ ലേല നിബന്ധനയിൽ ഉണ്ടായിരുന്നതിനാൽ ഇതു സാധ്യമായില്ല.

പുനർലേലത്തിൽ പഞ്ചായത്തിനു നഷ്ടമുണ്ടായാൽ പ്രസ്തുത നഷ്ടം ആദ്യത്തെ ലേലക്കാരനിൽനിന്ന് ചട്ടപ്രകാരം ഈടാക്കുന്നതാണെന്ന് ലേല നിബന്ധനയുണ്ട് (ഇനം.6). ലേലം റദ്ദ് ചെയ്യേണ്ടിവരികയും, പുനർലേലത്തിൽ തുക കുറഞ്ഞു പോകുകയും ചെയ്തതുമൂലം പഞ്ചായത്തിനുനഷ്ടമായ 95400 രൂപ (7950x12) ഉത്തരവാദിയായ ശ്രീ അഭിഷേകിൽനിന്ന് ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (03/27.07.2023) നൽകിയിരുന്നു. മുൻവർഷം 2261 രൂപ എന്ന പ്രതിമാസ വാടകയിൽ ഉപയോഗിച്ചിരുന്ന കടമുറി 2650 രൂപ എന്ന ഉയർന്ന തുകയ്ക്ക് ലേലം ഉറപ്പിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ല എന്ന് സെക്രട്ടറി മറുപടി നൽകി. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ലേലം റദ്ദ് ചെയ്യേണ്ടിവന്നത് ലേല നിബന്ധനയിലെ വ്യവസ്ഥ പ്രകാരമാണ്. അതിനാൽ ലേല വ്യവസ്ഥ പ്രകാരം ശ്രീ അഭിഷേകിൽനിന്ന് 95400 രൂപ ഈടാക്കാതിരുന്നത് പഞ്ചായത്തിന്റെ താത്പര്യങ്ങൾക്ക് വിരുദ്ധമാണ്.

ഈ വിഷയത്തിൽ വകുപ്പുതലത്തിൽ അന്വേഷണം നടത്തി, തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപ്പഞ്ചായത്തിലെ തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല. ഒരു അർദ്ധവർഷത്തിൽ അറുപതു ദിവസത്തിൽ കുറയാത്ത കാലയളവിൽ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ പേരുടെയും വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല. 2022-23ൽ നികുതി ഒടുക്കുന്നതിനായി 53 സർക്കാർ / അർദ്ധ സർക്കാർ / സ്വകാര്യ സ്ഥാപനങ്ങൾക്കു മാത്രമാണ് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളത്.

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വർഷ റിട്ടേണുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

എ) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാൻഡ് ചെയ്തില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ സ്ഥാപനങ്ങളിൽ ജീവനക്കാർ ദിവസ / മാസ ശമ്പളത്തിന് ജോലിയിലേർപ്പെട്ടിരിക്കുന്നതായി, ലൈസൻസ് അപേക്ഷകളിൽ സ്ഥാപന ഉടമകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽനിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട തൊഴിൽനികുതി കൃത്യമായി ഡിമാൻഡ് ചെയ്തിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തേക്കു ലൈസൻസെടുത്ത 116 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശം അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരം പഞ്ചായത്തിലെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും, കൃത്യമായി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

ബി) കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയി ല്ല

2022-23 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1. | ശ്രീ ഓമനക്കുട്ടൻ വിവി |
| 2. | ശ്രീ ഗിരീഷ് കുമാർ സി എസ് |
| 3. | ശ്രീ നിധീഷ് ഗോപാൽ |
| 4. | ശ്രീ റെജി വർഗ്ഗീസ് |
| 5. | ശ്രീ മോൻസൺ ഐസക്ക് |
| 6. | ശ്രീ ബിജി എബ്രഹാം |
| 7. | ശ്രീ കൃഷ്ണകുമാർ കെ ആർ |
| 8. | ശ്രീ മനോജ് ഗോപാൽ |
| 9. | ശ്രീ എ എസ് രാജൻപിള്ള |
| 10. | ശ്രീ പി എ മാത്യു |

| | |
|---|---|
| 11. | ശ്രീ ജയൻ വിജി |
| 12. | ശ്രീ റ്റി റ്റി തോമസ് കുട്ടി |
| 13. | ശ്രീ ബിനു കെ എബ്രഹാം |
| 14. | ശ്രീ ജിതിൻ വർഗ്ഗീസ് |
| 15. | ശ്രീ ചന്ദ്രാനന്ദൻ എം |

മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും സ്ഥാപനത്തിൽ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന്, ഓഡിറ്റ് എൻക്വയറിക്ക് (09/29.07.2023) മറുപടിയായി സെക്രട്ടറി അറിയിച്ചു.

സി) സ്വയം തൊഴിൽ ചെയ്യുന്നവരിൽനിന്ന് നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിനു പുറത്തോ വിവിധ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ക്ഷീരസംഘങ്ങളിലെ ജീവനക്കാർ, റേഷൻ റീട്ടെയിൽ ഡിപ്പോ ലൈസൻസികൾ, അവയിലെ ജീവനക്കാർ, ആധാരമെഴുത്തുകാർ, അഭിഭാഷകർ, ഡോക്ടർമാർ, വാണിജ്യ വാഹന ഉടമകൾ, അവയിലെ ജീവനക്കാർ, കേബിൾ ടി വി ഓപ്പറേറ്റർമാർ, പത്ര ഏജന്റുമാർ, സ്വകാര്യ പണമിടപാട് സ്ഥാപന /ചിട്ടി നടത്തിപ്പുകാർ തുടങ്ങി നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ വലിയൊരു വിഭാഗം ആളുകൾ നിലവിൽ തൊഴിൽനികുതി അടയ്ക്കുന്നില്ല. ഇവരിൽനിന്ന് നികുതി ഡിമാൻഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 വാടകക്കുടിശ്ശിക 6.61 ലക്ഷം

ഗ്രാമപ്പഞ്ചായത്തിലെ കടമുറികളുടെ വാടകയിനത്തിൽ ഗണ്യമായ തുക പിരിഞ്ഞുകിട്ടാനുണ്ട്. 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ 6.61 ലക്ഷം രൂപയാണ് കുടിശ്ശിക. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | വർഷം | കുടിശ്ശിക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ശ്രീ പി എം വർഗ്ഗീസ് | 2017-18 | 33000 | വാടകക്കാരൻ പഞ്ചായത്തിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തു |
| 2 | ശ്രീ എം എൻ ഗോപാലകൃഷ്ണൻ | 2017-18 | 78448 | വാടകക്കാരൻ കുടിശ്ശികത്തുക സംബന്ധിച്ച് തർക്കം ഉന്നയിച്ചു |
| 3 | ശ്രീ സുജാതകുമാർ | 2017-18 | 37132 | രജിസ്റ്ററിൽ വിശദാംശം ലഭ്യമല്ല |
| 4 | ശ്രീ അജിമോൻ വർഗ്ഗീസ് ജോർജ്ജ് | 2018-19 | 338940 | റവന്യൂ റിക്കവറി നടത്താൻ വാടകക്കാരന്റെ പേരിൽ ഭൂമി ഇല്ല |
| 5 | ശ്രീ ഫിറോസ് | 2022-23 | 125736 | പ്രോസിക്യൂഷൻ നടപടി തുടങ്ങി |
| 6 | ശ്രീ ഉദയകുമാർ | 2022-23 | 21200 | റവന്യൂ റിക്കവറി നടപടി ആരംഭിച്ചു |
| 7 | ശ്രീമതി സുധ | 2022-23 | 14208 | |
| 8 | ശ്രീമതി സുറുമി ബഷീർ | 2022-23 | 12400 | |
| ആകെ | | | 661064 | |

ക്രമ നം 1,2,3 എന്നീ വാടകക്കാരുടെ കുടിശ്ശിക തുകകളുടെ കൃത്യത സംബന്ധിച്ച് വാടകക്കാർ തർക്കം ഉന്നയിച്ചിട്ടുണ്ട്. വാടക അടച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ വിവരങ്ങൾ പഞ്ചായത്തിൽ ഇല്ല. മറ്റുള്ള കുടിശ്ശികക്കാർക്കെതിരെ പഞ്ചായത്തിൽനിന്ന് പ്രോസിക്യൂഷൻ, റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 ജലജീവൻമിഷൻ -പദ്ധതിക്ക് മോണിട്ടറിംഗ് ഇല്ല – പ്രവൃത്തികളിൽ അപാകം

ജലജീവൻ മിഷൻ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് 8.6.2020 ലെ സ.ഉ(കൈ) നമ്പർ 37/2020/ജ.വി.വ പ്രകാരം സംയുക്ത ഭരണാനുമതി നൽകിയും നിർവ്വഹണ സംവിധാനം അംഗീകരിച്ചും സർക്കാർ ഉത്തരവായിരുന്നു. ആകെ 4840 വീടുകൾ ഉള്ളതിൽ 1972 വീടുകൾക്ക് നിലവിൽ കുടിവെള്ള പൈപ്പ് കണക്ഷൻ ഉള്ളതായും ബാക്കിയുള്ളവയ്ക്കാണ് പദ്ധതി നടപ്പാക്കേണ്ടത് എന്നും ഗ്രാമപ്പഞ്ചായത്തിലേക്ക് 2020-21 ൽ അംഗീകാരം ലഭ്യമാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ സൂചിപ്പിയ്ക്കുന്നു. പദ്ധതിയ്ക്ക് രണ്ട് ഘട്ടങ്ങളിലായി തുക വകയിരുത്തിയിട്ടുള്ളതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഒന്നാംഘട്ട പദ്ധതി | | രണ്ടാംഘട്ട പദ്ധതി | |
|---|---|---|---|
| വകയിരുത്തിയ തുക | ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
| 13091000 | 810 | 183700000 | 1972 |

പദ്ധതിയിനത്തിൽ നാളിതുവരെ വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | വർഷം |
|---|---|---|---|
| 1 | ജലജീവൻ മിഷൻ - ഗാർഹിക കുടിവെള്ള കണക്ഷൻ S226/21 | 1963650 | 2020-21 |
| 2 | ജലജീവൻ മിഷൻ - S29/22 | 1336115 | 2021-22 |
| 3 | ജലജീവൻ മിഷൻ - വിഹിതം അടവാക്കൽ S162/23 | 1346967 | 2022-23 |
| 4 | ജലജീവൻമിഷൻ - വിഹിതം നൽകൽ | 297499 | BRN 771593/ 14.11.22 |

| | | |
|---|---|---|
| (മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗത്തിന് ശേഷം അവശേഷിച്ച തുക തിരികെ ലഭിച്ചത്) | 502501 | UTR No IOBAR52023010300316539/ 4.1.2023 |
| ആകെ | 5446732 | |

പദ്ധതി പ്രകാരം നാളിതുവരെ എത്ര ഗുണഭോക്താക്കൾക്ക് ഗാർഹിക പൈപ്പ് ലൈൻ സ്ഥാപിച്ച് നൽകിയെന്നും ആയതിന് ആകെ എത്ര രൂപ ചെലവഴിച്ചു എന്നും നിർവ്വഹണ ഏജൻസി ആയ കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിനെ അറിയിച്ചിട്ടില്ല. ഓരോ ഗുണഭോക്താവിനും 5 മീറ്റർ നീളത്തിൽ Upvc/ MDPE പൈപ്പ് നീട്ടുന്നതിനും പൈപ്പ് നീട്ടലിനായി കുഴിയ്ക്കുന്ന ഭാഗത്തെ റോഡ് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡ് റീസ്റ്റൊറേഷൻ ചാർജ് ഇനത്തിൽ 2020-21, 2021-22 വർഷങ്ങളിൽ യഥാക്രമം 40.44 ലക്ഷം രൂപയും 5.12 കോടി രൂപയും ആണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിക്കായി കുഴിയ്ക്കുന്ന ഭാഗം മണ്ണിട്ട് മൂടുക മാത്രമാണ് ഭൂരിഭാഗം പ്രദേശങ്ങളിലും ചെയ്തിട്ടുള്ളത് എന്നും ചില ഭാഗങ്ങളിൽ കുഴിച്ച ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ കരാറുകാർ ചെയ്ത കോൺക്രീറ്റിംഗ് ഗുണനിലവാരം പാലിയ്ക്കുന്നില്ല എന്നും എക്സിറ്റ് കോൺഫറൻസിൽ ജനപ്രതിനിധികൾ അറിയിച്ചു.

ബഹു. ജില്ലാ കളക്ടറുടെ അധീനതയിലും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർ മെമ്പർ സെക്രട്ടറി ആയും പ്രവർത്തിയ്ക്കുന്ന ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല. പദ്ധതിയുടെ Implementation Support Agency (ISA) ആയി Kerala Voluntary Health Services, കോട്ടയം എന്ന സ്ഥാപനത്തെ (Voluntary Organisation) യാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കരാർ കാലയളവിൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് ഫീൽഡ് സന്ദർശനം, പരിശോധന എന്നിവ നടത്തുന്നതിന് ഗ്രാമപ്പഞ്ചായത്തിനെ സഹായിയ്ക്കുക, പദ്ധതിയുമായി ബന്ധപ്പെട്ട് സൃഷ്ടിച്ച ആസ്തികളുടെ വിവരം ശേഖരിച്ച് പഞ്ചായത്തിന് നൽകുക എന്നിവ ISAയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രധാന ചുമതലകളിൽപ്പെട്ടവയാണ്. ഇതിന് രണ്ട് ഘട്ടങ്ങളിലായി (Phase 1 And 2) യഥാക്രമം 190000 രൂപയും 110000രൂപയും ആണ് ISA യ്ക്ക് പ്രതിഫലം നൽകുന്നതിന് വകയിരുത്തിയിട്ടുള്ളത്. എന്നാൽ കരാറിൽ വ്യവസ്ഥ ചെയ്തത് പ്രകാരമുള്ള മേൽസൂചിപ്പിച്ച പ്രവർത്തനങ്ങൾ ഒന്നുംതന്നെ Kerala Voluntary Health Services നടത്തിയിട്ടില്ല എന്ന് ഇത് സംബന്ധിച്ച ഫയലിൽ നിന്ന് വ്യക്തമാണ്. കരാറിൽ ഏർപ്പെട്ടതല്ലാതെ ടി സ്ഥാപനം പഞ്ചായത്തുമായി യാതൊരു കത്തിടപാടുകളും നടത്തുകയോ പദ്ധതി സംബന്ധിച്ച റിപ്പോർട്ടുകൾ നൽകുകയോ ചെയ്തിട്ടില്ല. നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ഗ്രാമപ്പഞ്ചായത്തിന് അവകാശമുണ്ട് എന്ന് പദ്ധതി സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്ത്, വാട്ടർ അതോറിറ്റി, കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ് ( Implementing Support Agency) എന്നീ സ്ഥാപനങ്ങൾ തമ്മിലുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആയത് പാലിയ്ക്കപ്പെട്ടിട്ടില്ല.

പദ്ധതി നടത്തിപ്പിൽ ISA യുടെ പ്രവർത്തനത്തിൽ പരാതി ഉണ്ടായാൽ District Water And Sanitation Mission ന്റെ അനുമതിയോടെ ISA യുമായുള്ള കരാർ റദ്ദ് ചെയ്യാം എന്ന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതി നടത്തിപ്പിൽ ഉണ്ടായിട്ടുള്ള ഗൗരവതരമായ അപാകങ്ങൾ പരിഹരിയ്ക്കുന്നതിന് ഭരണതലനടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-19 പൊതുടാപ്പുകളുടെ കുടിവെള്ളക്കരം - പൊതുടാപ്പുകൾ പൂർണ്ണമായും റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പൂർണ്ണമായില്ല

2022-23 ൽ 203 പൊതുടാപ്പുകൾക്ക് പ്രതിമാസം 97914 രൂപ വീതം കുടിവെള്ളക്കരം ഒടുക്കിയിട്ടുണ്ട്. വെള്ളക്കരത്തിന്റെ നിരക്ക് വർദ്ധിച്ചതിനെത്തുടർന്ന് പ്രതിമാസ വെള്ളക്കരം നടപ്പ് വർഷം 246290 രൂപ ആയി ഉയർന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 14.2.2023 ലെ1(3) നമ്പർ തീരുമാനത്തെത്തുടർന്ന് 29.5.2023 മുതൽ 31.5.23 വരെ കാലയളവിൽ വാട്ടർ അതോറിറ്റിയും ഗ്രാമപ്പഞ്ചായത്തും സംയുക്തപരിശോധന നടത്തിയെങ്കിലും പരിശോധനാറിപ്പോർട്ട് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ നിലവിൽ വെള്ളക്കരം ഒടുക്കുന്ന 203 പൊതുടാപ്പുകളും ഡിസ്കണക്ട് ചെയ്യുന്നതിന് ഗ്രാമപ്പഞ്ചായത്ത് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 303000 രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് തുക ഇതേവരെ ഒടുക്കിയിട്ടില്ല.

തുക വാട്ടർ അതോറിറ്റിയിൽ അടിയന്തിരമായി ഒടുക്കി മുഴുവൻ പൊതുടാപ്പുകളും ഡിസ്കണക്ട് ചെയ്യുന്നതിന് സ്വീകരിച്ച് വന്ന നടപടി പൂർണ്ണമാക്കേണ്ടതാണ്.

## 1-20 അംഗീകാരം വാങ്ങിയ പൊതുമരാമത്ത് പദ്ധതികൾ നടപ്പാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഓഡിറ്റ് വർഷം അംഗീകാരം വാങ്ങിയ ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 1 | പഞ്ചായത്ത് കോൺഫറൻസ് ഹാൾ - എ.ഇ ഓഫീസ് അറ്റകുറ്റപ്പണി S103/23 | 600000 |
| 2 | മാമൂട്ടിൽപ്പടി എട്ടുകടവ് റോഡ് കോൺക്രീറ്റിംഗ് S106/23 | 200000 |
| 3 | 56 ാം നമ്പർ അംഗൻവാടി അറ്റകുറ്റപ്പണി S131/23 | 400000 |
| 4 | മുളവനപടി കുന്നകണ്ടത്തിൽ റോഡ് പുനരുദ്ധാരണം വാർഡ്-1 S23/2023 | 554000 |
| 5 | പാലത്തിട്ട റോഡ് സംരക്ഷണഭിത്തി നിർമ്മാണം വാർഡ്-2 S25/23 | 414000 |
| 6 | പാണ്ടിശ്ശേരി കയ്യാലക്കകത്ത് റോഡ് കോൺക്രീറ്റിംഗ് വാർഡ്-4 S27/23 | 714000 |
| 7 | ചിറപ്പുറത്ത് ജംഗ്ഷൻ കാഞ്ഞിരത്താൻമോടി ശവക്കോട്ട താഴ്ഭാഗം റോഡ് പുനരുദ്ധാരണം വാർഡ്-7 S30/23 | 418618 |
| 8 | പുന്നക്കാട്ട്പടി നടുവിലെ പടി റോഡ് പുനരുദ്ധാരണം വാർഡ്-9 S32/2023 | 444000 |

| | | |
|---|---|---|
| 9 | കടവുംപാറ കോളനി റോഡ് ഉയർത്തി കോൺക്രീറ്റിംഗ് ഐറിഷ് നിർമ്മാണം വാർഡ്-10 S33/23 | 714000 |
| 10 | കുന്നറപടി വെൺപാലപടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം വാർഡ്-11 S34/23 | 145000 |
| 11 | കുളത്തുംങ്കരപടി പാലപ്പള്ളിയിൽപടി റോഡ് കോൺക്രീറ്റിംഗ് വാർഡ്-12 S35/23 | 245000 |
| 12 | കല്ലൂർകളം കാഞ്ഞിരംമോടി ശവക്കോട്ട റോഡിൻറെ സൈഡിൽ കോൺ ക്രീറ്റ് ഓടയ്ക്ക് സ്ലാബ് നിരത്തൽ വാർഡ് 7 S39/23 | 100000 |
| 13 | പുളിക്കമാലിൽ മാലിക്കപ്പടി റോഡ് മെയിൻറനൻസ് രണ്ടാം ഭാഗം വാർഡ്-1 S40/23 | 350000 |
| 14 | എസ് സി സാംസ്കാരിക നിലയം നവീകരണം S41/23 | 250000 |
| 15 | അടിച്ചിറ റയിൽവേ ബണ്ട് റോഡ് കോൺക്രീറ്റ് രണ്ടാം ഭാഗം വാർഡ്-4 S42/23 | 75000 |
| 16 | പള്ളിമല വളവിൽ വരട്ടാർ റോഡ് റീകോൺക്രീറ്റിംഗ് വാർഡ്-11 S43/23 | 400000 |
| 17 | തലപ്പാലപ്പടി ചാക്കണ്ടം റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് 8 S94/23 | 400000 |
| 18 | ചക്രഷാളനകടവ് കദളിമംഗലം റോഡ് ഉയര്ത്തി കോണ്ക്രീറ്റ് ചെയ്യല് വാര്ഡ് 1 S97/23 | 200000 |
| 19 | ഹോമിയോ ആശുപത്രി അറ്റകുറ്റപ്പണി S100/23 | 300000 |
| 20 | ആയുർവ്വേദ ആശുപത്രി അറ്റകുറ്റപ്പണി S101/23 | 450000 |
| 21 | പഞ്ചായത്തിൻറെ അധീനതയിലുള്ള സ്കൂളുകളുടെ അറ്റകുറ്റപ്പണി S102/23 | 800000 |
| 22 | 48, 61, 49 നം അംഗൻവാടികളുടെ അടിസ്ഥാന സൌകര്യം ഒരുക്കൽ S133/23 | 800000 |
| 23 | മതിരംപുഴ ജലസ്രോതസ്സ് സംരക്ഷണം S140/23 | 1149000 |
| 24 | മതിരംപുഴ ജലസ്രോതസ് സംരക്ഷണം ഭാഗം 2 S150/23 | 1490000 |
| 25 | വാണല്ലൂർകടവ് റോഡ് കോൺക്രീറ്റിംഗ് വാർഡ് 14 S167/23 | 159000 |
| 26 | മണിമന്ദിരം മണലിപ്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 3 S169/23 | 417500 |
| 27 | ആനയാർ തൈത്തോട് റോഡ് റീ കോൺക്രീറ്റിംഗ് വാർഡ് 8 S170/23 | 300000 |
| 28 | കല്ലൂർകളം കുടത്തുംപാറ റോഡ് സൈഡ് വേലികെട്ട് വാർഡ് 8 S171/23 | 100000 |
| 29 | ഏറ്റുകടവ് കാട്ടാംചുവട് വട്ടുഉണ്ടിൽപടി റോഡ് സൈഡ് കെട്ടി മക്കിട്ട് കോൺ ക്രീറ്റിംഗ് വാർഡ് 13 S174/23 | 700000 |
| 30 | വായനശാലപ്പടി പാറയ്ക്കലേത്ത് റോഡ് ടാറിംഗ് വാർഡ് 6 S176/23 | 714000 |
| 31 | തലപ്പാലപ്പടി ചാക്കണ്ടം റോഡ് സംരക്ഷണഭിത്തി നിർമ്മാണം വാർഡ് 8 S94/23 | 400000 |
| 32 | എസ് എൻ ഡി പി പനച്ചിത്രപ്പടി റോഡ് സൈഡ്കെട്ടി ഉയർത്തി കോൺക്രീറ്റിംഗ് വാർഡ് 13 S119/23 | 444000 |
| 33 | ചൈത്രംപടി നെടുവേലിൽക്കുന്ന് റോഡ് മക്കിട്ട കിളർത്തൽ വാർഡ് 14 S113/23 | 25000 |

പദ്ധതികൾ നടപ്പാക്കാഞ്ഞത് സംബന്ധിച്ച് 4.8.2023 ൽ 15-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി, 2023 ജനവരി മുതൽ സാമ്പത്തിക വർഷാന്ത്യം വരെ ഒരു ഓവർസിയർ അവധിയിൽ ആയിരുന്നത് നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചു എന്ന് എക്സിറ്റ് മീറ്റിംഗിൽ വിശദീകരിയ്ക്കപ്പെട്ടു. പദ്ധതിനിർവ്വഹണത്തിന് മോണിട്ടറിംഗ് ഇല്ലാത്തത് ന്യൂനതയായി വിലയിരുത്തുന്നു. പ്രവർത്തനകലണ്ടറിനനുസരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ ചെയ്യുന്നുണ്ടോ എന്ന് മോണിട്ടർ ചെയ്യുന്നതിന് ഭരണതലനടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-21 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് അധിക പ്രതിഫലം നൽകി

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് "Providing Plain Cement Concrete For Road Work CC 1:2:4 ......" (Item No 75.8.1) എന്ന ഇനം ആണ് ഉൾപ്പെടുത്തി നിരക്ക് അനുവദിച്ചിട്ടുള്ളത്. ടി ഇനത്തിൽ Form Work കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 29.7.2023 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെയും ഓവർസിയറുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഏതാനും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് Form Work ചെയ്തിട്ടില്ല എന്ന് കണ്ടു. എന്നാൽ അവയുടെ പ്രതിഫലത്തുക കരാറുകാർക്ക് നൽകിയപ്പോൾ Form Work ന്റെ നിരക്ക് കൂടി തെറ്റായി അനുവദിച്ചു. റോഡ് കോൺക്രീറ്റിംഗിന് തൊഴിൽകൂലി, സാധനവില, മെഷിനറി എന്നീ ഇനങ്ങളിലായുള്ള പ്രവൃത്തിമൂല്യത്തിന്റെ 4 % ആണ് Form Work ഇനത്തിൽ കരാറുകാരന് അനുവദനീയമായിട്ടുള്ളത്. എന്നാൽ Form Work ചെയ്യാത്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ മൂല്യത്തിൽ നിന്ന് 4% നിരക്ക് കുറയ്ക്കാഞ്ഞതിനാൽ അധീക പ്രതിഫലം നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, അടങ്കൽ | റോഡ് കോൺക്രീറ്റിംഗ് ചെയ്ത അളവ്, മൂല്യം | പ്രവൃത്തിയുടെ ഭാഗമായി Form Work ചെയ്യാത്ത അളവ് (Cubic Meter), ടി | Form Work ചെയ്യാഞ്ഞതിനാൽ പ്രതിഫലത്തിൽ നിന്ന് കുറവ് ചെയ്യേണ്ടിയിരുന്നത് | ആകെ പ്രവൃത്തിമൂല്യം, ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | അളവിൽ ചെയ്ത റോഡ് കോൺക്രീറ്റിംഗിന്റെ മൂല്യം (ക്വോട്ട് ചെയ്ത നിരക്കിന്റെ അടിസ്ഥാനത്തിൽ) | (അധിക പ്രതിഫലം നൽകിയത്) | |
| 1 | പാലത്തിട്ട റോഡ് കോൺക്രീറ്റിംഗ് വാർഡ് 2<br>SO128/23 100000 നിതീഷ് ഗോപാൽ | 10.2 Cubic Meter<br>86795 | 10.2 Cubic Meter<br>86795 | 86795 * 4 % = 3472 | 89138<br>BRN 1065882/ 19.1.23 |
| 2 | കുന്നത്ത്മൺ റോഡ് കോൺക്രീറ്റിംഗ് (വാർഡ് 5) 2ാം ഭാഗം S127/23 320000<br>റജി വർഗീസ് | 25.034 Cubic Meter<br>210544 | 25.034 Cubic Meter<br>210544 | 210544 * 4 % =<br>8422 | 252196<br>2.12.2022 |
| 3 | സാൽവേഷൻ ആർമി സ്കൂൾ റോഡ് കോൺക്രീറ്റിംഗ് & റീകോൺക്രീറ്റിംഗ്<br>SO116/23 675000 ജയൻ.വി.ജി | 53.86 Cubic Meter<br>385914 | ആദ്യഭാഗം - 48.9 M നീളം= 13.898 M3*7165/ M3 = 99579 ;<br>ഇടത് ഭാഗം (31.3.m)- 7.085 M3 * 7165/m3 = 50764 ;<br>വലത് ഭാഗത്തിന്റെ ഒരു വശം(104.9 M) - 20.73 M3 * 50 %= 10.35 M3 * 7165/m3= 74158<br>അവസാനഭാഗം നേരെയുള്ള റോഡിന്റെ ഒരു വശം (41.9 M)- 12.15 M3 * 50 % = 6.05 M3 *7165 / M3 = 43348 ;<br>ആകെ = 267849 | 267849 *4 % = 10714 | BRN 1424280/ 21.3.23 |
| | ആകെ | | | 22608 | |

അപാകം സംബന്ധിച്ച് 29.7.2023 ൽ 5-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് മേൽസൂചിപ്പിച്ച ചെലവ് നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തിരികെ ഈടാക്കുകയും രസീത് ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്തു. ഭാവിയിൽ ഇപ്രകാരമുള്ള അപാകം ഒഴിവാക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ചുവടെ പറയുന്ന പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പൂർത്തീകരണവിവരം ലഭ്യമാക്കിയില്ല

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വർഷം / ഡെപ്പോസിറ്റ് ചെയ്ത തീയതി | ഡെപ്പോസിറ്റ് ചെയ്ത തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | S112/21 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2021-22 | 989006 | വാട്ടർ അതോറിറ്റി |
| 2 | 106/21 ജലജീവൻ മിഷൻ - കുടിവെള്ള പൈപ്പ് ലൈൻ | ടി | 800000 | വാട്ടർ അതോറിറ്റി |
| 3 | 118/21 വിവിധ പ്രദേശങ്ങളിൽ പോസ്റ്റ് സ്ഥാപിയ്ക്കലും ലൈൻ | ടി | 199481 | കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| | നീട്ടലും | | | |
| 4 | പോസ്റ്റ് മാറ്റൽ - 17 ാം നമ്പർ അംഗൻവാടി റോഡ് (വാർഡ് 1) | ടി | 19307 | ടി |
| 5 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - വാർഡ് 14, 3) 120/23 | 14.11.22 | 195000 (CFC Grant) | വാട്ടർ അതോറിറ്റി |
| 6 | S2/23 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 14.11.22 | 1389000 (CFC Tied) | വാട്ടർ അതോറിറ്റി |
| 7 | 70 Meter Single Phase 3 Wire, 626 Meter Single Phase 2 Wire Line And Adding 3895 Meter Street Main At Various Wards S2/2022-23 | | 743802 | കെ.എസ്.ഇ.ബി |

ടി പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തികളുടെ ബില്ലിന്റെ പകർപ്പ് നിർവ്വഹണ ഏജൻസികളിൽ നിന്ന് ആവശ്യപ്പെടേണ്ടതും ഡെപ്പോസിറ്റ് ചെയ്തതിൽ വിനിയോഗത്തിന് ശേഷം തുക അവശേഷിച്ചിട്ടുണ്ടെങ്കിൽ തിരികെ വാങ്ങേണ്ടതുമാണ്.

## 1-23 ലൈഫ് മിഷൻ വായ്പ തിരിച്ചടവ്- വായ്പതുകയെക്കാൾ കൂടുതൽ തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു

ലൈഫ് മിഷൻ പദ്ധതിയ്ക്കായി KURDFC ൽ നിന്നും എടുത്തിട്ടുള്ള വായ്പയിലും അധികം തുക വികസനഫണ്ടിൽ നിന്നും സർക്കാർ കുറവു ചെയ്തിട്ടാണ് ഗ്രാമപഞ്ചായത്തിന് അലോട്ട്മെന്റ് നൽകിയത്. വികസനഫണ്ട് ജനറൽ, എസ്.സി .പി വിഭാഗങ്ങളിലായി ആകെ 677671 രൂപയാണ് നാളിതുവരെ ഇത്തരത്തിൽ അധികമായി കുറവ് ചെയ്തിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഈടാക്കിയ തുക | ലോൺ അടവാക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|
| 2018-19 | Nil | 763923 |
| 2019-20 | 132353 | 631570 |
| 2020-21 | 307647 | 323923 |
| 2021-22 | 352000 | -28077 |
| 2022-23 | 487195 | ( -) 515272 |
| 2023-24 Ist ഗഡു | 162399 | (-)677671 |
| ആകെ | | (-)677671 |

ഇപ്രകാരം വായ്പ എടുക്കാത്ത തുകയായ 677671 രൂപയാണ് സർക്കാർ സ്രോതസ്സിൽ നിന്ന് അധികമായി കുറവ് ചെയ്തത്. വിവിധ പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് വേണ്ടി, സർക്കാർ കുറവ് ചെയ്ത ഫണ്ട് റീ അലോട്ട് ചെയ്ത് ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 ലക്ഷങ്ങൾ ഒടുക്കിയെങ്കിലും പി.എച്ച്.സി-യ്ക്ക് മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികൾ പ്രകാരം പി.എച്ച്.സി-യിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക്18 ലക്ഷത്തോളം ഒടുക്കിയെങ്കിലും ഇതുവരെ ലഭ്യമായത് 4 ലക്ഷംരൂപയുടെ മരുന്ന്മാത്രമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്, വാങ്ങിയ ഇനം | KMSCL ന്റെ പ്രൊഫോമാ ഇൻവോയിസ് നമ്പർ | ഒടുക്കിയ തുക | ബിൽ നമ്പർ, തീയതി | ലഭിച്ച മരുന്ന്/ ഉപകരണങ്ങൾ | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്നത് |
|---|---|---|---|---|---|
| പി.എച്ച്.സി-യ്ക്ക് മരുന്ന് S8/23 | PRF 1318/ 14.9.22 | 800000 | BRN 815803/ 23.11.22 | 396646 | 403354 |
| പാലിയേറ്റിവ് കെയർ (S7/23)- മരുന്ന് | PRF 2800/ 6.12.22 | 800000 | BRN 1155382/ 7.2.23 500000 BRN 50060/ 11.1.23 300000 | 0 | 800000 |
| ടി - രോഗികൾക്ക് ഉപകരണങ്ങൾ | PRF 3639/ 17.1.23 | 199996 | BRN 73527/ 10.2.23 | 131672 | 68327 |

അവശേഷിയ്ക്കുന്ന മരുന്നും ഉപകരണങ്ങളും KMSCL ൽ നിന്നും അടിയന്തിരമായി ലഭ്യമാക്കുന്നതിന് ഭരണതലനടപടിയ്ക്കായി ശുപാർശ ചെയ്യുന്നു.

### 1-25 പാലിയേറ്റീവ് കെയർ - ട്രിപ് ഷീറ്റ് ഇല്ലാതെ വാഹനവാടക നൽകി

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ Pain Paliative Care (S7/ 23) എന്ന പദ്ധതി പ്രകാരം KL 27G 7669 നമ്പർ വാഹനം ഉപയോഗിച്ചതിന്റെ വാടക ഇനത്തിൽ ശ്രീ അജികുമാർ കെ.വി- ക്ക് പ്രതിമാസം 15600 വീതം നൽകിയിട്ടുണ്ട്. ഇതിന് ആധാരമായി ടിയാന്റെ പേരിലുള്ള കൈപ്പറ്റ് രസീതുകൾ മാത്രമാണ് ഫയലിൽ ഉള്ളത്. വാഹനം ടി ആവശ്യത്തിന് ഓടിയതിന്റെ ട്രിപ് ഷീറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അപാകം സംബന്ധിച്ച് 2.8.23 ൽ 16ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ട്രിപ് ഷീറ്റ് വാങ്ങി വാഹനം ഓടിയതിന്റെ വിശദാംശം പരിശോധിച്ച് ബോദ്ധ്യപ്പെടാതെ വാഹനവാടക നൽകിയത് ക്രമപ്രകാരമല്ല. അപാകം പരിഹരിയ്ക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-26 ക്ഷീരകർഷകർക്ക് അർഹമായ അളവിൽ സബ്സിഡി അനുവദിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ മുഖേന ക്ഷീരസഹകരണസംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി ക്ഷീരകർഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് (പ്രോജക്ട് നമ്പർ 85/23). പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (85/23) | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 100000 | 51699 |
| ജില്ലാപഞ്ചായത്ത് | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 100000 | 0 |
| ആകെ | 300000 | 51699 |

പദ്ധതിനിർവഹണം സംബന്ധിച്ച് രേഖകൾ പരിശോധിച്ചതിൽ 41ക്ഷീരകർഷകർക്ക് 2022 ഏപ്രിൽ മുതൽ Octoberവരെ മാത്രമേ സബ്സിഡി ആനുകൂല്യം നൽകിയിട്ടുള്ളൂ എന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അംഗീകാരം ലഭിച്ച പദ്ധതി ഫലപ്രദമായി നടപ്പാക്കാതിരുന്നതിന് കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/23dtd03.08.23) മറുപടി ലഭിച്ചില്ല. ത്രിതലപഞ്ചായത്തുകൾ ചേർന്ന് സംയുക്തമായി ആവിഷ്കരിച്ച പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് ഫണ്ട് പോലും പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചില്ല. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം വർഷത്തിൽ പരമാവധി 40000/- രൂപ നല്കാമെന്നിരിക്കെ ഏതാനും മാസങ്ങളിൽ മാത്രമാണ് ക്ഷീരസഹകരണസംഘങ്ങളിൽ പാൽ അളന്നിതിന് സബ്സിഡി അനുവദിച്ചത്. ഇത് മൂലം വകയിരുത്തിയ ഫണ്ട് ലാപ്സാകുന്നതിനും കാരണമായി. ക്ഷീരകർഷകർക്ക് അർഹമായ ആനുകൂല്യം അനുവദിക്കുന്നതിനും പദ്ധതിപ്പണം ഫലപ്രദമായി ചെലവഴിക്കുന്നതിനും ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

### 1-27 ലൈഫ് ഭവനനിർമ്മാണത്തിന് സബ്സിഡി അനുവദിച്ചിട്ടും നിർമ്മാണം പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം ലൈഫ് ഭവനനിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തി കരാറിലേർപ്പെട്ട ശേഷം 200000/-രൂപ ധനസഹായം അനുവദിച്ച ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | ഫണ്ടിനം | കരാർ തീയതി |
|---|---|---|---|
| വിനോദ് സി ബി<br>ചാനക്കുഴിയിൽ ഹൗസ് കുറ്റൂർ | 200000 | വികസനഫണ്ട് | 12.11.2020 |

മേൽ ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാതിരിക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14/23dtd29.07.23)നിർമ്മാണം പൂർത്തീകരിക്കുന്നതിന് പലതവണ ഗുണഭോക്താവിന് നോട്ടീസ് നൽകിയതായും എന്നാൽ നാളിതുവരെ ടിയാൾ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താവ് നിർമ്മാണം തുടരുന്നില്ല എങ്കിൽ ടിയാൾക്ക് അനുവദിച്ച 200000/- രൂപ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 500000 | 7/23പെയ്ൻ ആൻറ് പാലിയേറ്റീവ് | 500000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 200000 | 10/23 അംഗനവാടി പോഷകാഹാരം | 200000 | 0 |
| ജില്ലാപഞ്ചായത്ത് | 200000 | 58/23 നെൽകൃഷി വികസനം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | 10/23 അംഗനവാടി പോഷകാഹാരം | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 110000 | 50/23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 110000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 80000 | 175/23 അംഗനവാടി സ്മാർട്ടാക്കൽ | 80000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 162/2023 (ജലജീവൻ മിഷൻ പദ്ധതി) | 1346967 | ഇല്ല | 1346967 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 84960 | 84960 | 0 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 165258 | 165258 | 0 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 02/2023 | 743802 | ഇല്ല | 743802 |
| KWA | 246/2021-വിളയിൽപ്പടി - പള്ളിക്കൽകാലായിൽപ്പടി പൈപ്പ് ലൈൻ നീട്ടൽ - വാർഡ് 5 | 170000 | 0 | 170000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 6550 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ വിവരം | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-97 | 26 | 200 | റ്റി.സി.ഗോപാലൻ | 1220104425/24.02.2023 |
| 2010-11 | 3-24 | 5900 | അമ്പിളി.എസ്.നായർ, വി.ഇ.ഒ | 1220101619/13.09.2022 |
| 1999-2000 | 25 | 450 | എം.എ.പൊന്നമ്മ | 1220104426/24.02.2023 |
| ആകെ | | 6550 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2-4 | 2012-13 | 2 | ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 106395136 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 107100119 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റി.എ/പി3/395/98 തീയതി-11.1.2000/13.3.2000 | 1 (ഖ – 26 ) |
| 1998-99 | എൽ.എഫ്.പിറ്റി.എ/പി3/455/01 തീ.9.11.2001/25.1.2002 | 10 ( 33, 44, 45, 55, 56, 57, 60, 61, 62, 69(f), (G), (H), (I), (J), (K), (M), (O), (P) |
| 1999-2000 | എൽ.എഫ്.പിറ്റി.എ/പി4/610/02 തീ.03.3.2003/19.4.2003 | 12 ( ഖ. 25, 51, 52, 53, 54, 55, 56, 57, 58, 59, 64, 66, 67) |
| 2000-01 | എൽ.എഫ്.പിറ്റി.എ/പി4/289/03 തീ.09.10.2003/16.12.2004 | 13 ( ഖ.43 മുതൽ 55 വരെ) |
| 2001-02 | എൽ.എഫ്.പിറ്റി.എ/പി4/582/04 തീ.14.10.2004/14.2.2005 | 9 (2-13 മുതൽ 2-20 വരെ) |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റി.എ/പി8/535/06 തീ.04.10.2006/06.8.2007 | 1 ( ഖ. 2-4) |
| 2003-04 | എൽ.എഫ്.പിറ്റി.എ/പി5/568/08 തീ.30.5.2009 | 1 (ഖ. 3-2) |
| 2004-05 | എൽ.എഫ്.പിറ്റി.എ/പി5/566/08 തീ.30.5.2009 | 2 ( 3-1, 3-3) |
| 2005-06 | എൽ.എഫ്.പിറ്റി.എ/പി6/259/09 തീ.16.12.2009 | 3 ( 3-2,3-7,3-9) |
| 2006-07 | എൽ.എഫ്.പിറ്റി.എ/പി11/171/11 തീ.30.11.2011 | 11 ( 3-9, 3-11 To 3-15 , 3-19, 3-21, 3-22, 3-26, 3-27) |
| 2007-08 മുതൽ 2009-10 വരെ | എൽ.എഫ്.പിറ്റി.എ/പി11/821/12 തീ.19.10.2012/22.3.2013 | 2 (3-3, 3-7) |
| 2010-11 മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റി.എ/പി11/1055/13 തീ.16.10.2014 | 6 (3-6, 3-11, 3-12, 3-13, 3-22, 3-23) |

| | | |
|---|---|---|
| 2013-14 മുതൽ 14-15 വരെ | എൽ.എഫ്.പി.റ്റി.എ.പി4/295/16 തീ.28.3.16/1.4.16 | 4 (2-2, 3-3, 3-9, 4-2) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1115/16/ തീ.5.10.2016 | 13 ( 2-2, 3-1, 3-6, 3-10, 3-14, 3-16, 3-17, 3-18, 3-19, 3-21, 3-24, 3-25, 4-2) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/1031/17 തീ.15.09.17 | 12 (2-2, 2-5, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 4-2) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി4.1521/2018 തീയതി 12.12.2018 | 13 (2-1, 2-5, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-12, 3-14, 3-15, 3-16, 4-2) |
| 2018-19 | നം.കെ.എസ്.എ.പിറ്റിഎ.പി4-710/19 തീയതി 17.08.2019 | 18 (2-1, 2-3, 2-4, 2-6, 2-7, 2-8, 2-9, 3-1, 3-4, 3-8, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-18, 4-1) |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി4 – 609/2021 തീയതി 01.10.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി4 – 610 തീയതി 02.10.21 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി4 – 1432/2022തീയതി 14.02.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 23-06-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the KUTTOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of KUTTOOR Grama Panchayat for the year 2022-2023

Date: 15/09/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

### Audit Report appended to the Audit Certificate of KUTTOOR Grama Panchayat for the Year 2022-2023.

**1.Major Observations**

Asset register was not maintained uptodate. The value of fixed assets could not be verified since the asset register was incomplete.

**2.Other Observations**

1. Notes on accounts and basic ratios were not attatched with the accounts.

2. Total cash flow is not reconciled with the difference between opening balance and closing balance mentioned in the cash flow statement.

3. The closing balance of SBI- E-payment account as shown in the AFS is not reconcilied with the bank statement.

4. The records of advance collected in terms of profession tax, property tax and licence fee were not produced to audit.

5. The demand details of various own fund incomes were not recorded monthly and in the beginning of the year.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ക്രോംപ്ററൺ ഇൻഡസ്ട്രീസ് |
| 2. | ജോ ആൻഡ് ഏജൻസീസ് |
| 3. | റോയൽ ഡ്രൈ ക്ലീനിങ് കുറ്റൂർ |
| 4. | അഗ്രോ സൂപ്പർ മാർക്കറ്റ് |
| 5. | ഓപ്റ്റിമൽ സിമന്റ് ബ്രിക് യൂണിറ്റ് |
| 6. | ബഥേൽ സോമിൽ വെസ്റ്റ് ഓതറ |
| 7. | പുളിമൂട്ടിൽ ധനലക്ഷ്മി എന്റർപ്രൈസസ് |
| 8. | കല്ലേമണ്ണിൽ ബ്ലോക്ക്സ് ആൻഡ് അലിയിഡ്സ് |
| 9. | നളന്ദ ഫാഷൻസ് |
| 10. | ഈ മൈത്രി കമ്പ്യൂട്ടർ സെന്റർ |
| 11. | ജാക്സൺ ഫുഡ് പ്രോഡക്റ്റ് |
| 12. | കണ്ടെത്തും കുഴിയിൽ ബ്രിക്സ് |
| 13. | ആദി സാറ്റലൈറ്റ് വിഷൻ |
| 14. | തലയാർ സോമിൽ |
| 15. | കൊണ്ടോടിയിൽ ഹാർഡ്‌വെയർസ് ആൻഡ് സാനിറ്ററി |
| 16. | ജെ ആൻഡ് ബി ഹെവി എൻജിനീയറിങ് വർക്ക്സ് |
| 17. | ലീവ്സ് ബാത്ത് ഗ്യാലറി |
| 18. | ഇടയാടിയിൽ എൻജിനീയറിങ് വർക്ക്സ് |
| 19. | കണ്ണാട്ടിപ്പുഴയിൽ ഫ്ലോർമിൽ തെങ്ങേലി |
| 20. | മൈ മാർട്ട് വെസ്റ്റ് ഓതറ |
| 21. | ക്രൗൺ പവർ സിസ്റ്റം |
| 22. | മണലിത്തറ സർവീസ് സ്റ്റേഷൻ |
| 23. | ഉണ്ണി സോഡാ വെസ്റ്റ് ഓതറ |
| 24. | ദേവി ഹാർഡ്‌വെയർസ് കുറ്റൂർ |
| 25. | അൻപുവിലാസ് ഹെയർ ആൻഡ് സ്കിൻ കെയർ സെന്റർ |
| 26. | അഭിരാമി സ്റ്റോഴ്സ് ടി കെ ഹാർഡ് വെയേഴ്സ് |
| 27. | തിരുവല്ല സുസുക്കി കുറ്റൂർ |
| 28. | ഗോൾഡൻ സുസുക്കി കുറ്റൂർ |
| 29. | റിനൂ ഹോട്ടൽ ആൻഡ് ടീ ഷോപ്പ് |
| 30. | ആർ ജെ വെറൈറ്റീസ് |
| 31. | ഡാനി സോഡാ തെങ്ങേലി |
| 32. | എസ് എസ് ട്രേഡേഴ്സ് കുറ്റൂർ |
| 33. | പ്രിൻസ് എൻജിനീയറിങ് വർക്ക്സ് |
| 34. | ചാംസ് കിഡ്സ് കുറ്റൂർ |
| 35. | പോൾ ആൻഡ് കമ്പനി കുറ്റൂർ |
| 36. | ഡ്യൂ മാറ്റാ ഐ കുറ്റൂർ |
| 37. | സെന്റ് മേരീസ് ഡെന്റൽ ക്ലിനിക് കുറ്റൂർ |
| 38. | കാർത്തിക ട്രേഡേഴ്സ് തലയാർ |
| 39. | തോട്ടുങ്കൽ സൂപ്പർ മാർക്കറ്റ് |

| | |
|---|---|
| 40. | എം സി വെജിറ്റബിൾസ് കുറ്റൂർ |
| 41. | താഴയിൽ ഗ്ലാസ് ഏജൻസീസ് |
| 42. | ഗ്രേസ് ഹോളോബ്രിക്സ് വെസ്റ്റ് ഓതറ |
| 43. | കാസിയ ഗ്രാനൈറ്റ്സ് വെസ്റ്റ് ഓതറ |
| 44. | ആശ്വാസ് കമ്മ്യൂണിറ്റി ഫാർമസി കുറ്റൂർ |
| 45. | ബി ആൻഡ് ബി സർവീസസ് വെസ്റ്റ് ഓതറ |
| 46. | കറിയിടത്ത് സ്റ്റോഴ്സ് വെസ്റ്റ് ഓതറ |
| 47. | സെന്റ് ഗ്രിഗോറിയസ് ഫ്ലവർ മിൽ പടിഞ്ഞാറ്റോതറ |
| 48. | കരിങ്ങാട്ടിൽ ഏജൻസിസ് കുറ്റൂർ |
| 49. | സൂര്യദേവ് ഫാം ഫീഡ്സ് കുറ്റൂർ |
| 50. | സെലക്ട് എൻജിനീയറിങ് ഹാർഡ്‌വെയർ കുറ്റൂർ |
| 51. | തേജസ് ഫ്ലവർമിൽ കുറ്റൂർ |
| 52. | മഠത്തും മൂട്ടിൽ എൻജിനീയറിങ് വർക്ക്സ് |
| 53. | കളഭം വെജിറ്റബിൾസ് ആൻഡ് ഫ്രൂട്സ് കുറ്റൂർ |
| 54. | ശ്രീനാരായണ ഫ്ലോർമിൽ തെങ്ങേലി |
| 55. | ഐശ്വര്യ മെഡിക്കൽസ് കുറ്റൂർ |
| 56. | കൃഷ്ണടെക്സ്റ്റൈൽസ് വെൺപാല |
| 57. | നെയ്യാർ ഫാർമസ്യൂട്ടിക്കൽസ് കുറ്റൂർ |
| 58. | പി ആൻഡ് പി ഹയറിങ് സർവീസ് കുറ്റൂർ |
| 59. | സി വി ലൈറ്റ് ആൻഡ് സൗണ്ട് തെങ്ങലി |
| 60. | ബി ആൻഡ് ബി ടൈലേഴ്സ് |
| 61. | ദേവി ടൈലറിംഗ് സെന്റർ തലയാർ |
| 62. | ജോർജുകുട്ടി സ്റ്റോഴ്സ് കുറ്റൂർ |
| 63. | എ എസ് സ്റ്റോഴ്സ് കുറ്റൂർ |
| 64. | എസ് കെ ബേക്കറി കുറ്റൂർ |
| 65. | സി കെ പവർ ടൂൾസ് ആൻഡ് റെന്റൽ സർവീസ് |
| 66. | മഹിമ ബ്യൂട്ടിപാർലർ |
| 67. | മാധവം ഏജൻസിസ് വെസ്റ്റ് ഓതറ |
| 68. | റിലയൻസ് അലുമിനിയം ട്രേഡേഴ്സ് കുറ്റൂർ |
| 69. | വിയപുരത്ത് ട്രേഡേഴ്സ് കുറ്റൂർ |
| 70. | മാതാ ഹെയറിങ് സർവീസ് വെൻപാല |
| 71. | മണക്കണ്ടത്തിൽ ഇലക്ട്രിക്കൽസ് കുറ്റൂർ |
| 72. | ശബരി ഗിഫ്റ്റ് പാലസ് കുറ്റൂർ |
| 73. | ശ്രീ ഗാർമെന്റ്സ് കുറ്റൂർ |
| 74. | പവർ ടെക്ക് വെസ്റ്റ് ഓതറ |
| 75. | കന്നു കണ്ടത്തിൽ സ്റ്റോഴ്സ് കുറ്റൂർ |
| 76. | അച്ചൂസ് ഫർണിഷേഴ്സ് കുറ്റൂർ |
| 77. | മോഡേൺ ബേക്കറി കുറ്റൂർ |
| 78. | എസ് എസ് സ്റ്റീൽസ് കുറ്റൂർ |
| 79. | വി കെ കെ ഇലക്ട്രിക് വെസ്റ്റ് ഓതറ |
| 80. | ക്വിക്ക് ലൈൻ എയർകണ്ടീഷൻ ആൻഡ് റഫ്രിജറേഷൻ സർവീസ് |
| 81. | വെള്ളിമൂലയിൽ പെയിന്റ്സ് കുറ്റൂർ |

| | |
|---|---|
| 82. | വിൻഡ് ഇവൻസ് ആൻഡ് സ്റ്റേജ് ഡെക്കറേഷൻ |
| 83. | ഫെബാ ഡിജിറ്റൽസ് കുറ്റൂർ |
| 84. | ജെആൻഡ് ബി ട്രേഡേഴ്സ് കുറ്റൂർ |
| 85. | എക്സൽ പേപ്പർ മാർട്ട് കുറ്റൂർ |
| 86. | കിസാൻ അഗ്രോ സെയിൽ വെൺപാല |
| 87. | ശ്രീ ഓം ശക്തി ഫ്ലവേഴ്സ് കുറ്റൂർ |
| 88. | വൈബ്രന്റ് മേക്കപ്പ് സ്റ്റുഡിയോ വെസ്റ്റ് ഓതറ |
| 89. | തെക്കേപ്പറമ്പിൽ ഏജൻസീസ് വെസ്റ്റ് ഓതറ |
| 90. | പ്രണവം ഫർണിച്ചർ കുറ്റൂർ |
| 91. | മിനർവ കോഫി വർക്ക്സ് കുറ്റൂർ |
| 92. | റ്റിഷ ഏജൻസിസ് വെൺപാല |
| 93. | കോളഭാഗത്ത് ഏജൻസിസ് വെൺപാല |
| 94. | സ്റ്റൈൽ ആൻഡ് റിലാക്സ് ഹെയർ സലൂൺ കുറ്റൂർ |
| 95. | ഹൈടെക് ഫിറ്റ്നസ് സെന്റർ |
| 96. | മാടവന ചിക്കൻ സെന്റർ |
| 97. | എസ് കെ സ്റ്റോഴ്സ് കുറ്റൂർ |
| 98. | തോംസൺ ബേക്കേഴ്സ് |
| 99. | അമ്പലത്തറ ചിക്കൻ സെന്റർ വെസ്റ്റ് ഓതറ |
| 100. | ഹ്ലെയിം കെയർ |
| 101. | എലിവേറ്റ് വെൽ ബീയിംഗ് |
| 102. | ആതിര മേക് ഓവർ |
| 103. | ശ്രീരാഗം സ്റ്റോഴ്സ് വെസ്റ്റ് ഓതറ |
| 104. | വി എം എൽ ചിക്കൻ സെന്റർ കുറ്റൂർ |
| 105. | എ എം സ്റ്റോഴ്സ് വെസ്റ്റ് ഓതറ |
| 106. | ഫ്രൈയിംഗ് ക്ലപ്പ് കുറ്റൂർ |
| 107. | കിംഗ്സ് ഫുഡ്സ് പ്രോഡക്റ്റ് തെങ്ങേലി |
| 108. | കൊച്ചുപറമ്പിൽ സെറാമിക്സ് കുറ്റൂർ |
| 109. | മോർഗൻസ് ജൻസ് ബ്യൂട്ടിപാർലർ കുറ്റൂർ |
| 110. | ഐശ്വര്യ റെന്റൽ സർവീസ് കുറ്റൂർ |
| 111. | മൈക്രോ ലാബ് ലബോറട്ടറി കുറ്റൂർ |
| 112. | ബഥേൽ അപ്ഹോൾസ്റ്ററി ഷോപ്പ് വെസ്റ്റ് ഓതറ |
| 113. | മോഹന പവർ ടൂൾസ് കുറ്റൂർ |
| 114. | ഇക്കോ ബോട്ടിക് കുറ്റൂർ |
| 115. | കെ ആർ സ്പൈസസ് കുറ്റൂർ |
| 116. | ഇമ്മാനുവൽ സ്റ്റോഴ്സ് വെസ്റ്റ് ഓതറ |